## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 7306 16.07.2012 - ൽ മറുപടിക്ക്**

**കൂടുതൽകാലം നിലനിൽക്കുന്ന ഗുണനിലവാരമുള്ള റോഡുകൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി.എൻ. പ്രതാപൻ :<br>ശ്രീ. പാലോട് രവി :<br>ശ്രീ. സണ്ണി ജോസഫ് :<br>ശ്രീ. പി.സി വിഷ്ണുനാഥ് : | ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്<br>(പൊതുമരാമത്ത് വകുപ്പ് മന്ത്രി) |
| (എ) കൂടുതൽകാലം നിലനിൽക്കുന്ന ഗുണനിലവാരമുള്ള റോഡുകൾ നിർമ്മിക്കുന്നതിന് ആവിഷ്ക്കരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം ; വിശദമാക്കുമോ ; | (എ) കൂടുതൽകാലം റോഡുകൾ ഗതാഗത യോഗ്യമാക്കി സൂക്ഷിക്കുന്നതിന് ഇൻഡ്യൻ റോഡ് കോൺഗ്രസിന്റെ വ്യവസ്ഥകൾ അനുസരിച്ച് ഉപരിതലം ബി. എം. ആന്റ് ബി. സി. ആയി പുനരുദ്ധരിക്കുന്ന നടപടികളും, റോഡുകൾ 'ലോംഗ്ടേം ഹെവി - മെയിന്റനൻസ്' പദ്ധതി പ്രകാരം നിർമ്മിക്കുന്നതിനുമുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. ദേശീയ പാത വികസനപദ്ധതി പ്രകാരം റോഡുകൾ നിർമ്മിക്കുമ്പോൾ കൺസക്ഷണർ തന്നെ ദീർഘകാലം ഈട് നിൽക്കുംവിധം റോഡുകൾ നിർമ്മിച്ച് പരിപാലിച്ച് കൊണ്ടുപോകുന്ന വിധത്തിലാണ് എല്ലാ റോഡുകളും നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്. കേരള റോഡ് ഫണ്ട് ബോർഡിന്റെ ആഭിമുഖ്യത്തിലും കൂടുതൽ കാലം നിലനിൽക്കുന്ന, മെച്ചപ്പെട്ട ഗുണ നിലവാരം ഉള്ള |

റോഡുകൾ നഗര റോഡു വികസന പദ്ധതിയിൽ നിർമ്മിച്ചു വരുന്നു. ബി. ഒ. റ്റി. അടിസ്ഥാനത്തിൽ നിർമ്മിക്കുന്ന ഇത്തരം റോഡു - കളുടെ പരിപാലനം 15 വർഷത്തേക്ക്, നിർമ്മാണം നടത്തിയ കമ്പനിയാണ് നിർവഹി- ക്കുന്നത്. കെ. എസ്. റ്റി. പി. ഒന്നാം ഘട്ടത്തിൽപ്പെടുത്തി 254 കി.മീ. റോഡുകൾ അപ്ഗ്രേഡ് ചെയ്യുകയും 1156 കി.മീ. റോഡുകൾ ഹെവിമെയിന്റനൻസ് ചെയ്ത് ഗുണ നിലവാരമുള്ള റോഡുകൾ നിർമ്മിച്ചു കഴിഞ്ഞു. ഇതിന്റെ രണ്ടാം ഘട്ടത്തിൽ 367 കി.മീ റോഡ് അപ്ഗ്രേഡ് ചെയ്യാനും 1000 കി.മീ. തിരഞ്ഞെടുത്ത റോഡുകൾ ഹെവിമെയിന്റനൻസ് ചെയ്യാനുമുള്ള നടപടി പുരോഗമിച്ചു വരുന്നു.

(ബി) ഇതിനായി പെർഫോർമൻസിന്റെ അടിസ്ഥാനത്തിലുള്ള മെയിന്റ- നൻസ് കോൺട്രാക്റ്റ് ഏർപ്പെടു- ത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടു- ത്തുമോ ;

(സി) ഇതിനായി എന്തെല്ലാം നടപടി എടുത്തിട്ടുണ്ട് ?

(ബി) & (സി) ദീർഘകാല ഗ്യാരന്റിയോടു കൂടിയ 'ലോംഗ്ടേം ഹെവിമെയിന്റനൻസ്' പദ്ധതി പ്രകാരം കരാറുകൾ ഏർപ്പെടുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പെർഫോർ- മൻസിന്റെ അടിസ്ഥാനത്തിലുള്ള മെയിന്റനൻസ് കോൺട്രാക്റ്റ് ഏർപ്പെടുത്തുന്നതു സംബന്ധിച്ച നിർദ്ദേശങ്ങളൊന്നും ഇപ്പോൾ പരിഗണനയിലില്ല.

സെക്ഷൻ ഓഫീസർ